REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 10-12-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ഇന്ന് ലോക മനുഷ്യാവകാശദിനം.**
- **ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും യുവ ജനങ്ങൾക്ക് തുല്യാവസരങ്ങൾ ലഭ്യമാക്കുന്നതിനും നടപ്പാക്കുന്ന നയങ്ങൾ ഇന്ത്യയെ ലോകത്തിന് മുന്നിൽ മാതൃകയാക്കി മാറ്റിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.**
- **മുൻ കേന്ദ്ര മന്ത്രി SM കൃഷ്ണയുടെ നിര്യാണത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും അനുശോചനമറിയിച്ചു.**
- **സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കുന്നു.**
- **അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരത്തിന്റെ പതിമൂന്നാം പതിപ്പിന് കണ്ണൂരിൽ തുടക്കം.**

## വാർത്തകൾ വിശദമായി

**ഇന്ന് ലോക മനുഷ്യാവകാശദിനം. ഐക്യരാഷ്ട്ര പൊതുസഭയുടെ 1948-ലെ ആഗോള മനുഷ്യാവകാശ പ്രഖ്യാപനം അനുസ്മരിക്കാനാണ് എല്ലാ വർഷവും ഡിസംബർ 10 ലോക മനുഷ്യാവകാശദിനമായി ആചരിക്കുന്നത്.**

**‘നമ്മുടെ അവകാശങ്ങൾ, നമ്മുടെ ഭാവി, ഇപ്പോൾ’ എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. കേവലം അഭിലാഷങ്ങൾക്കപ്പുറം മനുഷ്യാവകാശങ്ങൾ മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കാൻ വ്യക്തികളെയും**

സമൂഹങ്ങളെയും ശാക്തീകരിക്കുന്ന പ്രായോഗിക ഉപകരണമാണെന്ന് പ്രമേയം എടുത്ത് പറയുന്നു.

✪✪✪

ദാരിദ്ര്യവും വിശപ്പും നിർമ്മാർജ്ജനം ചെയ്യുന്നതിനും യുവജനങ്ങൾക്ക് തുല്യാവസരങ്ങൾ ലഭ്യമാക്കുന്നതിനും നയങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഇന്ത്യ ലോകത്തിന് മുന്നിൽ തിളങ്ങുന്ന മാതൃകയായി മാറിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. 5,000 ത്തിലേറെ വർഷത്തിന്റെ നാഗരിക പാരമ്പര്യം സ്വന്തമായ ഇന്ത്യ, സമൂഹത്തിൽ സഹാനുഭൂതി, അനുകമ്പ, വ്യക്തികളുടെ പരസ്പരബന്ധം എന്നിവയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു. ലോക മനുഷ്യാവകാശ ദിനതത്തോടനുബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ഈ വർഷത്തെ ദിനാചരണത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ മുതൽ തൊഴിലിടങ്ങൾ വരെ സമ്മർദ്ദം ഇല്ലാതാക്കുന്നതിനെ കുറിച്ച് ഒരു ദിവസത്തെ ദേശീയ സമ്മേളനവും ഇന്ന് ഡൽഹിയിൽ സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് എല്ലാ ഗവൺമെന്റ് ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുത്തു.

ദേശീയ-സംസ്ഥാന തലങ്ങളിൽ മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കോഴിക്കോട്ടെ വായനശാല വയോജനവേദി സംഘടിപ്പിക്കുന്ന ചടങ്ങിൽ പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകൻ മഞ്ചേരി സുന്ദർരാജ് “ധ്വംസിക്കപ്പെടുന്ന മനുഷ്യാവകാശങ്ങൾ” എന്ന വിഷയം അവതരിപ്പിക്കും.

✪✪✪

ദേശീയ പഞ്ചായത്ത് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. താഴെത്തട്ടിലെ ഭരണ മികവും സാമൂഹ്യ വികസനവും മുൻനിർത്തി 45 അവാർഡുകളാണ് വിജ്ഞാൻ ഭവനിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ഇത്തവണ നൽകുന്നത്. കേരളത്തിൽ നിന്ന് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ദാരിദ്ര്യ നിർമ്മാർജനത്തിനും മെച്ചപ്പെട്ട ജീവിതോപാധി ലഭ്യമാക്കിയതിനും അവാർഡിന് അർഹമായി.

തൃശൂരിലെ കില, പഞ്ചായത്ത് ക്ഷമതാ നിർമ്മാൺ സർവ്വോത്തം സൻസ്ഥാൻ പുരസ്കാരത്തിനും അർഹമായിട്ടുണ്ട്.

അവാർഡ് നേടിയ പഞ്ചായത്തുകളിലെ മികച്ച പ്രകടനം വിശദീകരിക്കുന്ന ലഘുപുസ്തകം ചടങ്ങിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പ്രകാശനം ചെയ്യും.

✪✪✪

ദേശീയ പുരസ്കാരം നേടിയ കിലയെയും പെരുമ്പടപ്പ ഗ്രാമപഞ്ചായത്തിനെയും മന്ത്രി MB രാജേഷ് അഭിനന്ദിച്ചു. സംസ്ഥാനത്തിനാകെ അഭിമാനകരമായ നേട്ടമാണ് ഇത്. ദേശീയ തലത്തിലെ ഈ പുരസ്കാരത്തിലൂടെ കേരളത്തിലെ തദ്ദേശഭരണ വകുപ്പ് തന്നെയാണ് അംഗീകരിക്കപ്പെടു ന്നതെന്നും കൂടുതൽ മികവിൽ പ്രകടനം കാഴ്ചവെക്കാൻ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പുരസ്കാരങ്ങൾ പ്രചോദനമാകുമെന്നും മന്ത്രി സമൂഹമാധ്യമപോസ്റ്റിൽ കുറിച്ചു. K സ്മാർട്ട് ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങൾ കൂടി നടപ്പിലാക്കുന്നതോടെ ഗ്രാമപഞ്ചായത്തുകൾ മികവിന്റെ മാതൃകകളായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.

പ്രമുഖ ഇന്ത്യൻ ബിസിനസ് ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണത്തിൽ പ്രതിപക്ഷ MP മാർ ഇന്നും പാർലമെന്റ് സമുച്ചയത്തിൽ പ്രതിഷേധ പ്രകടനം നടത്തി. കോൺഗ്രസ്, DMK, JMM ഇടതുപക്ഷം എന്നിവർ പ്രതിഷേധത്തിൽ അണിചേർന്നു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി, JMM നേതാവ് മഹുവ മാജി, DMK നേതാവ് കനിമൊഴി തുടങ്ങിയവർ പ്രതിഷേധത്തിൽ പങ്കെടുത്തു.

✪✪✪

സംവാദങ്ങളിലും ചർച്ചകളിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും പാർലമെന്റ് നടപടികൾ സുഗമമായി നടക്കേണ്ടതിൽ പ്രാധാന്യമുണ്ടെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. പാർലമെന്ററി ജനാധിപത്യത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയ്ക്ക് വിശ്വാസമില്ലെന്ന് വിമർശിച്ച കേന്ദ്രമന്ത്രി, സമാജ്‌വാദി

**പാർട്ടി, TMC , കോൺഗ്രസ് പാർട്ടികളിലെ നിരവധി MP മാർ സഭയിൽ അർത്ഥവത്തായ സംവാദത്തിന് ആഗ്രഹം പ്രകടിപ്പിച്ചതായും പറഞ്ഞു. സുപ്രധാന നിയമനിർമ്മാണം നടത്താൻ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്നും പാർലമെന്റിലെ എല്ലാ അംഗങ്ങളുടെയും ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും മുൻഗണന നൽകുന്നുണ്ടെന്നും റിജിജു അഭിപ്രായപ്പെട്ടു.**

**✪✪✪**

**മുൻ കേന്ദ്ര വിദേശ കാര്യമന്ത്രിയും കർണാടക മുൻ മുഖ്യമന്ത്രിയുമായിരുന്ന SM കൃഷ്ണയുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചിച്ചു. വികസനകാര്യത്തിൽ പ്രതിജ്ഞാബദ്ധനായ നേതാവായിരുന്നു അദ്ദേഹമെന്ന് രാഷ്ട്രപതി അനുസ്മരിച്ചു.**

**കർണാടകയിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ശ്രദ്ധേയനായ നേതാവായിരുന്നു എസ്എം കൃഷ്ണയെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.**

**പുലർച്ചെ രണ്ടേമുക്കാലോടെ ബംഗളൂരുവിലെ വസതിയിലായിരുന്നു 93 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.**

**✪✪✪**

**ഏഴാമത് ദേശീയ സ്മാർട്ട് ഇന്ത്യ ഹാക്കത്തണിന്റെ ഗ്രാൻഡ് ഫിനാലെ നാളെയും മറ്റന്നാളും മുംബൈയിലെ L N വെലിങ്കർ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തും. പ്രധാനമന്ത്രി സമ്മേളനത്തെ അഭിസംബോധന ചെയ്യും. 1,300-ലധികം വിദ്യാർത്ഥി ടീമുകൾ ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുക്കും.**

**ഫിനാലെയിൽ പങ്കെടുക്കുന്ന യുവ സംരംഭകരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിലൂടെ സംവദിക്കും.**

**✪✪✪**

**റിസർവ് ബാങ്കിന്റെ പുതിയ ഗവർണറായി റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്ര നാളെ ചുമതലയേൽക്കും. മൂന്ന് വർഷത്തേക്കാണ് നിയമനം.**

**✪✪✪**

**സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. മലപ്പുറം ജില്ലാ പഞ്ചായത്തിലെ**

തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

നാളെ രാവിലെ പത്തിന് വോട്ടെണ്ണൽ തുടങ്ങും.

✪✪✪

ഉന്നത വിദ്യാഭ്യാസം ലഭിച്ച സേനാംഗങ്ങൾ കേരളാ പൊലീസിന് മുതൽക്കൂട്ടാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആധുനിക കാലത്തിനാവശ്യമായ എല്ലാ പരിശീലനവും പൂർത്തിയാക്കി പുറത്തിറങ്ങുന്ന സേനാംഗങ്ങൾക്ക് ഇത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് SAP ഗ്രൗണ്ടിൽ വിവിധ ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ പൊലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വനിതകളുൾപ്പടെ എട്ട് ബറ്റാലിയനുകളിലായി 341 ഉദ്യോഗസ്ഥരാണ് പരിശീലനം പൂർത്തിയാക്കി പൊലീസ് സേനയുടെ ഭാഗമായത്.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ഡെലിഗേറ്റ് സെല്ലും, ഡെലിഗേറ്റ് പാസ്സ് വിതരണവും തിരുവനന്തപുരം ടാഗോർ ഹാളിൽ ഉച്ചകഴിഞ്ഞ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരങ്ങളായ മഹിമാ നമ്പ്യാരും ഷറഫുദ്ദീനും പാസ്സ് ഏറ്റുവാങ്ങും.

✪✪✪

വയനാട് ദുരിതാശ്വാസ ഫണ്ടുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന വാസ്തവ വിരുദ്ധമെന്ന് മുൻ കേന്ദ്ര സഹമന്ത്രി V മുരളീധരൻ പറഞ്ഞു. ഹൈക്കോടതി വിധിയുടെ ജാള്യം മറയ്ക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് അഭിപ്രായപ്പെട്ടു. വയനാട് ദുരന്ത നിവാരണത്തിലെ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന വ്യക്തമായ ധാരണ ഗവൺമെന്റിന് ഇല്ലെന്നും മുരളീധരൻ പറഞ്ഞു.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരത്തിന്റെ പതിമൂന്നാം പതിപ്പിന് തുടക്കമായി.

ജപ്പാൻ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ഓസ്ട്രേലിയ,ബ്രിട്ടൺ തുടങ്ങി 25 വിദേശ രാജ്യങ്ങളിൽ നിന്നുള്ളവരുൾപ്പെടെ 28 ടീമുകളാണ് പായ് വഞ്ചിയോട്ടമത്സരത്തിൽ പങ്കെടുക്കുന്നത്. ഇന്ത്യൻ നേവൽ അക്കാദമിയിൽ നിന്നും പുരുഷ-വനിതാ ടീമും ഘടക് വാസ്‌ല നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്നും ടീമും മത്സര രംഗത്തുണ്ട്.

✪✪✪

ഏഷ്യാ കപ്പ് വനിതാ ജൂനിയർ ഹോക്കിയിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30നാണ് മത്സരം.

✪✪✪

അടുത്തമാസം രാജസ്ഥാനിൽ നടക്കുന്ന സീനിയർ ദേശിയ വോളിബാൾ ചമ്പ്യൻഷിപ്പിലെ വനിതാ ടീമിന്റെ ട്രയൽസ് നാളെ രാവിലെ തൃശൂർ ജില്ലാ സ്പോർട്സ് കൌൺസിൽ സ്റ്റേഡിയത്തിൽ നടത്തുമെന്ന് സ്പോർട്സ് കൗൺസിൽ ജില്ലാ ചെയർമാൻ CK ഉസ്മാൻ ഹാജി അറിയിച്ചു. പുരുഷ ടീമിന്റെ ട്രയൽസ് ഈ മാസം 16ന് രാവിലെ എറണാകുളം അമ്പലമുകളിലെ BPCL വോളിബാൾ ഗ്രൗണ്ടിൽ നടത്തും.

✪✪✪

ഗുരുവായൂർ ഏകാദശി നാളെ. ഇന്ന് പുലർച്ചെ മൂന്നിന് തുറന്ന ക്ഷേത്രനട ഇനി മറ്റന്നാൾ രാവിലെ ഒമ്പതിനേ അടയ്ക്കൂ.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.

....(വോയ്സ്)........

✪✪✪

പാലക്കാട് ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിൽ തനിക്ക് ചുമതല നൽകിയിരുന്നില്ലെന്ന് ചാണ്ടി ഉമ്മൻ MLA ആരോപിച്ചു. പ്രചാരണത്തിനായി ഒരു ദിവസം മാത്രമാണ് പാലക്കാട് പോയതെന്നും എല്ലാവരെയും ഒന്നിച്ചു നിർത്തി നേതൃത്വം മുന്നോട്ട് പോകണമെന്നും

അദ്ദേഹം പറഞ്ഞു. പാർട്ടി പുനഃസംഘടനയിൽ യുവാക്കൾക്ക് പ്രാതിനിധ്യം നല്കണമെന്നും ചാണ്ടി ഉമ്മൻ അഭിപ്രായപെട്ടു.

ചാണ്ടി ഉമ്മന്റെ പരാതി പാർട്ടി നേതൃത്വം പരിശോധിക്കുമെന്നും അദ്ദേഹവുമായി ഭിന്നതയില്ലെന്നും രാഹുൽ മാങ്കൂട്ടത്തിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങി സംസ്ഥാന ഗവൺമെന്റ് ജനങ്ങളെ പറ്റിക്കുകയാണെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. സ്വകാര്യ കമ്പനികൾക്ക് കൊള്ളലാഭമുണ്ടാക്കാനാണ് ഗവൺമെന്റ് ദീർഘകാല കരാർ റദ്ദാക്കിയതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

മാടായി കോളേജ് നിയമന വിവാദത്തിൽ പ്രചരിക്കുന്നത് തെറ്റായ കാര്യങ്ങളാണെന്ന് MK രാഘവൻ M.P പറഞ്ഞു. അനധ്യാപക തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചത് നിയമാനുസൃതമാണെന്നും നിയമനങ്ങളിൽ ഇടപെട്ടിട്ടില്ലെന്നും അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ജനങ്ങളുടെ മുന്നിൽ കരിവാരിത്തേക്കാൻ നടത്തുന്ന ദുഷ്പ്രചരണങ്ങളെ നേരിടുമെന്നും തന്റെ കൈകൾ ശുദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

ബന്ധുവിനെ അനധ്യാപക തസ്തികയിൽ നിയമിക്കാൻ കൂട്ടുനിന്നുവെന്നാണ് MK രാഘവനെതിരായ ആരോപണം.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്ന് സ്വകാര്യ ബസുകൾ പണിമുടക്കുന്നു. പോലീസ് അമിതമായി പിഴ ഈടാക്കുന്നുവെന്ന് ആരോപിച്ചാണ് പണിമുടക്കെന്ന് ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് കോഡിനേഷൻ കമ്മിറ്റി അറിയിച്ചു.

✪✪✪

സ്വർണവില ഇന്നും കൂടി. പവന് 600 രൂപ വർദ്ധിച്ച് 57,640 രൂപയായി.

✪✪✪